മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 38 ഐ.ടി.ഐ. കൾക്കായി 76 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഡയറക്ടറേറ്റിൽ 6 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സംഭരണം നടത്തിയിട്ടുണ്ട്. കൂടാതെ അഡീഷണൽ ഫണ്ടിംഗിൽ നിലവിലുള്ള ട്രേഡുകളെ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ ഉപകരണങ്ങൾ സംഭരണം നടത്തുന്നതിനുള്ള നടപടി നടന്നുക്കൊണ്ടിരിക്കുന്നു.

(സി) വ്യാവസായിക പരിശീലന കേന്ദ്രങ്ങളുടെ നവീകരണത്തിനായി കേന്ദ്ര-സംസ്ഥാന പദ്ധതികളാണുള്ളത്.

ഇൻസ്റ്റിറ്റ്യൂട്ട് ഡെവലപ്പ്മെന്റ് പ്ലാൻ അനുസരിച്ചുള്ള അപ്ഗ്രേഡേഷന് ആവശ്യമായ 100 ശതമാനം തുകയും കേന്ദ്രവിഹിതമായി പലിശരഹിത വായ്പയായിട്ടാണ് അനുവദിച്ചിട്ടുള്ളത്. 26 ഐ.ടി.ഐ. കളിലായി ഓരോ ഐ.ടി.ഐ.യ്ക്കും 2.5 കോടി രൂപ വച്ച് 65 കോടി രൂപ ലഭിച്ചിട്ടുണ്ട്. അതിൽ 44.91 കോടി രൂപ ഐ.ടി.ഐ. കളുടെ അപ്ഗ്രഡേഷന് വേണ്ടി ചെലവഴിച്ചിട്ടുണ്ട്.

ലോക ബാങ്ക് സഹായത്തോടെ ഐ.ടി.ഐ.കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ 75 ശതമാനം കേന്ദ്രവിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

മാടായി ഐ.ടി.ഐ.യിലെ കോഴ്സുകൾ

182 (2391) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ യിൽ ഇപ്പോൾ നിലവിലുള്ള കോഴ്സുകൾ ഏതെല്ലാമാണ് ; പ്രസ്തുത കോഴ്സുകൾ പി.എസ്.സി. അംഗീകരിക്കാത്തതിനാൽ കൂടുതൽ ജോലി സാദ്ധ്യതയുള്ള ട്രേഡുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ ;

(ബി) മാടായി ഗവ.ഐ.ടി.ഐ . കെട്ടിടം ഉദ്ഘാടനസമയത്ത് തൊഴിൽ വകുപ്പുമന്ത്രി പ്രഖ്യാപിച്ച, രണ്ട് വർഷം ദൈർഘ്യമുള്ളതും കൂടുതൽ തൊഴിൽ അവസരങ്ങൾ ഉള്ളതുമായ ട്രേഡുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; പുതുതായി ഏതെല്ലാം ട്രേഡുകൾ ആരംഭിക്കുന്നതിനാണ് തീരുമാനമായിട്ടുള്ളത്; വിശദാംശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മാടായി ഐ.ടി.ഐ.യിൽ നിലവിൽ ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ്, ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ എന്നീ ട്രേഡുകളാണുള്ളത്. അടുത്ത വിദ്യാഭ്യാസവർഷം മുതൽ ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ ട്രേഡിന് പകരമായി വെൽഡർ അല്ലെങ്കിൽ കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് ട്രേഡ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പുതിയ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) മാടായി ഐ.ടി.ഐ. കെട്ടിടം ഉദ്ഘാടന സമയത്ത് ബഹു. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി പ്രഖ്യാപിച്ച 2 വർഷം ദൈർഘ്യമുള്ളതും കൂടുതൽ തൊഴിലവസരങ്ങളുള്ളതുമായ ട്രേഡുകളായ റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് മെക്കാനിക്ക്, കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ്, വെൽഡർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, ഇലക്ട്രീഷ്യൻ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്തി ആവശ്യമായ ഭൗതീക സാഹചര്യങ്ങളെക്കുറിച്ച് ശുപാർശ സമർപ്പിക്കുവാൻ മാടായി ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, സർവ്വെയർ, ഡീസൽ മെക്കാനിക്, പ്ലംബർ എന്നീ ട്രേഡുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എരിപുരം പൊതുസംരക്ഷണ സമിതി സെക്രട്ടറി സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ടി ട്രേഡുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തി ആവശ്യമായ ഭൗതീക സാഹചര്യങ്ങളെക്കുറിച്ച് ശുപാർശ സമർപ്പിക്കുവാൻ മാടായി ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി റിപ്പോർട്ട് വിലയിരുത്തി ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

ചാലക്കുടി ഗവൺമെന്റ് ഐ.ടി. ഐ.

183 (2392) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.യ്ക്ക് ഇറിഗേഷൻ വകുപ്പിൽ നിന്നും കൈമാറിക്കിട്ടിയ സ്ഥലം ചുറ്റുമതിൽ കെട്ടി സംരക്ഷിക്കുന്നതിനും പ്രസ്തുത സ്ഥലത്ത് ഓഡിറ്റോറിയം നിർമ്മിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;